നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും:

(i) 2026-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, 2026-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, 2026-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ഇത് വളരെ ചെറിയൊരു ഭേദഗതിയാണ്. 1908-

ലെ Civil Procedure Code-ൽ 89-ാം വകുപ്പ് പ്രകാരം കോടതിക്ക് പുറത്ത് ഒത്ത് തീർപ്പാക്കുന്ന കേസുകളിൽ കക്ഷികൾ ഒടുക്കിയ അഡീഷണൽ കോർട്ട് ഫീസ് റീഫണ്ട് ചെയ്ത് നൽകുന്നില്ലെന്ന പരാതി ഉയർന്നിരുന്നു. എന്നാൽ നിയമസഹായ നിധിയിലേക്ക് സ്വരൂപിക്കുന്ന ഈ തുകയുടെ എഴുപത് ശതമാനം അഭിഭാഷക ക്ഷേമനിധിയിലേക്കും 30 ശതമാനം അഡ്വക്കേറ്റ് ക്ലർക്കുമാരുടെ ക്ഷേമനിധിയിലേക്കുമാണ് മാറ്റുന്നത്. കൂടാതെ ഈ രണ്ട് ഫണ്ടുകളിൽ നിന്നും പത്ത് ശതമാനം വീതം തുക വ്യവഹാരികൾക്ക് അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനായി നീക്കിവച്ച ശേഷമാണ് ബാക്കി തുക അതത് ഫണ്ടുകളിൽ നിക്ഷേപിക്കുന്നത്. തുക ഇതിനകംതന്നെ വിവിധ ആവശ്യങ്ങൾക്കായി വിഭജിച്ച് നൽകുന്നതിനാൽ ഇത് കക്ഷികൾക്ക് തിരികെ നൽകുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. അതിനാൽ അഡീഷണൽ കോർട്ട് ഫീ ഇനത്തിൽ ശേഖരിക്കുന്ന തുക ഏതൊരു സാഹചര്യത്തിലും റീഫണ്ട് ചെയ്യേണ്ടതില്ലെന്ന വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ട് The Kerala Court Fees and Suits Valuation Act, 1959 – ലെ 76-ാം വകുപ്പ് ഭേദഗതി ചെയ്യണമെന്ന് ഹൈക്കോടതിയിൽ നിന്നും

നിർദേശിച്ചിരുന്നു. കോടതിക്ക് പുറത്ത് സെറ്റിൽ ചെയ്യുന്ന കേസുകളിൽ കക്ഷികളിൽനിന്നും അഡീഷണൽ കോർട്ട് ഫീസ് ഇനത്തിൽ ശേഖരിക്കുന്ന തുക ഏതൊരു സാഹചര്യത്തിലും റീഫണ്ട് ചെയ്ത് നൽകേണ്ടതില്ലെന്ന വ്യവസ്ഥ ഉൾപ്പെടുത്തി 76-ാം വകുപ്പിനുശേഷം 76 (a) എന്ന പുതിയ വകുപ്പ് ചേർക്കാൻ പ്രസ്തുത ഭേദഗതി ആക്ടിന്റെ പ്രാബല്യ തീയതിക്ക് മുമ്പ് അഡീഷണൽ കോർട്ട് ഫീസ് റീ-ഫണ്ട് ചെയ്യുന്നതിനായി ഇത് പാസാക്കുന്നതിന് മുമ്പ് കോടതി ഏതെങ്കിലും കേസുകളിൽ റീഫണ്ട് ചെയ്യണമെന്ന് പറഞ്ഞിട്ടുള്ളതോ എന്നാൽ കക്ഷികൾക്ക് റീഫണ്ട് ലഭിക്കാത്ത കേസുകളും കോടതിക്ക് പുറത്ത് സെറ്റിൽ ചെയ്യുന്നതിന് ഉത്തരവായതിനെത്തുടർന്ന് സെറ്റിൽമെന്റ് നടത്തുകയും എന്നാൽ ആയതിന്റെ അടിസ്ഥാനത്തിൽ വിധിന്യായം പുറപ്പെടുവിക്കാത്തതുമായ കേസുകളും അത് ഒഴിവാക്കണം. അതിനൊരു ക്ലിപ്തനിബന്ധന കൂടി ഇതിനകത്ത് വച്ചുകൊണ്ട് 1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്ട് ഭേദഗതി ചെയ്യുന്നതിന് 76 (a) ചേർക്കുകയും നേരത്തെ കോടതി ഉത്തരവ് നൽകിയിരിക്കുന്നതിന് ഇത് ബാധകമല്ലെന്ന് പറയുന്നൊരു ക്ലിപ്തനിബന്ധനകൂടി ഇതിനോട് ചേർക്കുന്നൊരു

ചെറിയ ഭേദഗതി മാത്രമാണ്. അത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.

ശ്രീ. പി. പ്രസാദിനുവേണ്ടി (ശ്രീ. മുഹമ്മദ് മുഹസിൻ): സർ, 2026-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-11-2026 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ഭേദഗതി ബിൽ പൊതുജനങ്ങളോട് ചർച്ച ചെയ്ത് അഭിപ്രായം ആരാഞ്ഞതിനുശേഷം മാത്രം തീരുമാനമെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്ടിന് വർഷങ്ങൾക്കുശേഷം ഒരു പ്രധാനപ്പെട്ട ഭേദഗതിയാണ് ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊണ്ടുവന്നിട്ടുള്ളത്. ഇതിൽ അധിക കോർട്ട് ഫീസ് മടക്കി നൽകുന്നതുമായി ബന്ധപ്പെട്ട് അവ്യക്തത നിലനിൽക്കുന്നൊരു ഹൈക്കോടതി ഓർഡറുണ്ടായിരുന്നു. അതുമായി ബന്ധപ്പെട്ട അവ്യക്തത നീക്കാൻ വേണ്ടിയാണ് ഈ ഭേദഗതി ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെന്നാണ് പറയുന്നത്. പക്ഷേ, ഈ ഭേദഗതിയിൽ പറയുന്നൊരു വാക്കുതന്നെ യാതൊരു കാരണവശാലും ഇത് കൊടുക്കില്ലെന്നാണ്. ഉദാഹരണമായി,

76 (a) ഞാൻ വായിക്കാം; ഈ ആക്ടിലെ മറ്റേതെങ്കിലും വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും 76-ാം വകുപ്പ് പ്രകാരം ഈടാക്കിയ അധിക കോർട്ട് ഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല. ‘ യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല’ എന്നുള്ളത് വലിയൊരു ദാർഷ്ട്യത്തിന്റെ ശബ്ദമാണ്. സാധാരണക്കാരന് നീതി നിഷേധിക്കുന്ന ശബ്ദമായിട്ടാണ് ഞാൻ അതിനെ മനസ്സിലാക്കുന്നത്. ദീർഘകാലമായി കോടതിയിൽ കേസ് നടക്കുന്ന സമയത്ത് സ്വാഭാവികമായും ആ കേസുകൾ പിൻവലിക്കാൻ അല്ലെങ്കിൽ അത് കോടതിക്ക് പുറത്തു സെറ്റിൽമെന്റാകാം അല്ലെങ്കിൽ അദാലത്ത് വഴിയാകാം, അങ്ങനെ സെറ്റിൽ ചെയ്യുന്ന കേസുകൾക്ക് അധികമായി ഈടാകയുള്ളത് തിരിച്ച് കൊടുക്കുക. അതല്ലെങ്കിൽ അതിൽനിന്ന് പകുതിയെങ്കിലും കൊടുക്കുക എന്നുള്ളത് ഒരു ന്യായമായ കാര്യമാണ്. അതങ്ങനെ നടന്ന് വരുന്നുമുണ്ടായിരുന്നു. സിവിൽ കോടതിയിലോ അപ്പലേറ്റ് അതോറിറ്റിയിലോ ട്രൈബ്യൂണലിലോ ഇതുപോലെ പാവപ്പെട്ട, സാധാരണക്കാരായ ജനങ്ങൾ അധിക കോർട്ട് ഫീ കൊടുത്തിട്ടുണ്ടെങ്കിൽ സ്വാഭാവികമായും അത് കാലങ്ങളോളം നിയമ വ്യവഹാരങ്ങളുമായി നിൽക്കുന്ന സമയത്ത് പലപ്പോഴും

മധ്യസ്ഥത വഴിയോ അല്ലെങ്കിൽ ലോക് അദാലത്ത് വഴിയോ ഒത്തുതീർപ്പുണ്ടാക്കാനുള്ള സാഹചര്യമുണ്ടാകുകയും അങ്ങനെ ഒത്ത് തീർക്കുമ്പോൾ സ്വാഭാവികമായും കക്ഷിയെ സംബന്ധിച്ചിടത്തോളം സാമ്പത്തിക നഷ്ടം, സമയനഷ്ടം ഇവ കുറയ്ക്കാനും കഴിയുമെന്നുള്ളതാണ് ഏറ്റവും വലിയ കാര്യം. എന്നാൽ അത് ചെയ്യാതിരിക്കുമ്പോൾ, സ്വാഭാവികമായും കോടതിയെ സംബന്ധിച്ചിടത്തോളം കോടതിയിൽ കേസ് ഏതായാലും സാമ്പത്തിക ലാഭമില്ലെന്നതുകൊണ്ട് വലിയ രീതിയിലുള്ള സമയം നീളാനുള്ള സാധ്യതയുണ്ട്. അതോടൊപ്പംതന്നെ മറ്റ് ഒത്ത് തീർപ്പുകളൊക്കെത്തന്നെ ഉണ്ടാകുന്നത് വളരെ കുറയാനുള്ള സാധ്യതയും കാണുന്നു. സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം അവന്റെ അവകാശമാണ് അധികമായി കൊടുത്തത് സ്വാഭാവികമായും അവന് തിരിച്ച് കിട്ടുക എന്നുള്ളത്. എന്നാൽ അത് ലഭിക്കാതിരിക്കാൻ മറ്റൊരു വകുപ്പ് വച്ചിട്ടുള്ളത് അഭിഭാഷക ക്ഷേമനിധിയിലേക്കും അതുപോലെ അഡ്വക്കേറ്റ് ക്ലർക്കുമാരുടെ ക്ഷേമനിധിയിലേക്കും കൊടുക്കുക എന്നുള്ള രീതിയിലാണ്. സർക്കാരിന്റെ വിഹിതം അതിൽനിന്ന് കൊടുക്കാതിരിക്കാനാണോ അല്ലെങ്കിൽ മറ്റേതെങ്കിലും കാര്യങ്ങൾ കൊണ്ടാണോയെന്ന് അറിയില്ല. നിലവിൽ

ക്ഷേമനിധിയുടെ അവസ്ഥകൾ എന്താണെന്നുള്ളതോ മറ്റ് കാര്യങ്ങളൊന്നുംതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞിട്ടില്ല. സ്വാഭാവികമായും അങ്ങനെ സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം അവന്റെ കാശ് വാങ്ങിയിട്ട് കൊടുക്കേണ്ട കാര്യം ഇല്ലെന്നുള്ളതാണ്. ബാർ അസോസിയേഷനോടും ഹൈക്കോടതിയുമായും കൂടിയാലോചിച്ചിട്ടാണോ ഇങ്ങനെ ഒരു ഭേദഗതി കൊണ്ടുവന്നതെന്നും അറിയില്ല. സ്വാഭാവികമായും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇങ്ങനെയൊരു ഭേദഗതി അവതരിപ്പിക്കുമ്പോൾ, യാതൊരു കാരണവശാലും അധികമായി ഈടാക്കിയ ഫീസ് കൊടുക്കില്ലെന്ന് പറയുമ്പോൾ, പൂപോലുമറിയാതെ പൂമ്പാറ്റ തേൻ കുടിക്കുന്നതുപോലെ ഫണ്ട് ഉണ്ടാക്കുമെന്നാണ് നേരത്തെ മുഖ്യമന്ത്രി പ്രതിപക്ഷ നേതാവായിരുന്നപ്പോൾ പറഞ്ഞിട്ടുള്ളത്. അതിനുവേണ്ടി സാധാരണക്കാരന്റെ ഫണ്ട് പിടിക്കാനുള്ള ഒരു സാഹചര്യമാണോ ഇവിടെ ഒരുക്കിയതെന്ന് സംശയമുണ്ട്. നീതി ഔദാര്യമല്ല. അത് പൗരന്റെ അവകാശമാണ്. അതുകൊണ്ടുതന്നെ ഈ ഭേദഗതി സ്വാഭാവികമായും അവന് ലഭിക്കേണ്ട പണം പിടിച്ച് പറിക്കുന്നൊരു ഭേദഗതിയാണ്. അത് പിൻവലിക്കണമെന്നാണ് എനിക്ക്

പറയാനുള്ളത്.

മി. സ്പീക്കർ: യെസ്.... യെസ്....

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, അതോടൊപ്പം നമുക്കെല്ലാവർക്കുമറിയാം ഈ സർക്കാർ അധികാരത്തിൽ വന്ന് അഞ്ച് മാസമാകുമ്പോഴേക്കും 'സ്പോൺസേഡ് സർക്കാർ' എന്നുപറയുന്ന പേര് ലഭിക്കുന്ന തരത്തിലേക്ക് പോയിരിക്കുകയാണ്.

മി. സ്പീക്കർ: മെയിൻ സബ്ജക്ടിൽനിന്നും ഡീവിയേറ്റ് ചെയ്യേണ്ടതുണ്ടോ?

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, സാമ്പത്തിക കാര്യങ്ങളാണ് പറയുന്നത്. ഇത് വിവാദമായ കാര്യങ്ങളല്ല. സാമ്പത്തികമായി സർക്കാർ സ്പോൺസേഡ് ആയിട്ടാണ് പണം പിടിക്കുന്നത്. പാവപ്പെട്ടവരുടെ അവകാശങ്ങൾ കവർന്നെടുത്ത് സർക്കാർ പണമുണ്ടാക്കാൻ ശ്രമിക്കേണ്ട കാര്യമില്ലെന്നാണ് ഞാൻ പറഞ്ഞത്. ലക്ഷങ്ങൾ ചെലവാക്കി വിമാനത്തിൽ പോകാനും സ്പോൺസർ ചെയ്യാനും ആളുണ്ട്. ഹെലികോപ്റ്ററിൽ പോകാൻ സ്പോൺസർ ചെയ്യാൻ ആളുണ്ട്. മന്ത്രിമാർക്ക് വലിയ രീതിയിലുള്ള ടൂർ പോകാനുള്ള സംവിധാനങ്ങളുണ്ട്, അതിന് ആളുണ്ട്, റേഞ്ച് റോവർ ഉൾപ്പെടെ എല്ലാ

സംവിധാനങ്ങളുമുണ്ട്. എന്നാൽ, സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം അവന്റെ അവകാശങ്ങൾക്കൂടി കവർന്നെടുക്കുന്ന നിയമം നിയമസഭയിൽ അവതരിപ്പിച്ച് പാസാക്കുന്ന സാഹചര്യമാണുള്ളത്. ഏറ്റവും പ്രധാനപ്പെട്ട കാര്യം നമുക്കെല്ലാവർക്കുമറിയാം. മന്ത്രിമാർ സ്പോൺസർഷിപ്പ് ലഭിച്ച് ടൂർ പോകുന്നുണ്ട്, ടൂർ പോകുന്നതിന് യാതൊരു കുഴപ്പവുമില്ല, അതൊക്കെ നമ്മൾ പോകേണ്ടതാണ്. XXXXXXXXXX[+]. ഈ കേരളം എന്തായിരുന്നു; (....ബഹളം.....) ഇന്ത്യാരാജ്യത്ത് ആദ്യമായി ഒളിമ്പിക്സ് മാതൃകയിൽ 2024-ൽ കായികമേള നടത്തിയ ഒരു നാടാണ് കേരളം.(....ബഹളം.....)

<u>മി. സ്പീക്കർ</u>: അങ്ങ് സഭയിൽ വളരെയധികം പരിചയസമ്പന്നനായ ഒരു അംഗമാണ്. ഒരു ബിൽ അവതരിപ്പിക്കുമ്പോൾ അതിനകത്ത് ഒരു ഒബ്ജക്ഷൻ മാത്രമാണ് വരുന്നത്. ഈ ബില്ലിൽ ചെറിയൊരു ഭേദഗതി മാത്രമാണുള്ളത്. ഭേദഗതി ചെറുതാകുകയും പ്രസംഗം വലുതാകുകയും ചെയ്യുമ്പോൾ അതിനൊരു യോജിപ്പില്ലാതെ പോകും.

[+] ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (KLS/6113/2026 തീയതി 16-10-2026)സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ ബില്ലിൽ നിന്നുകൊണ്ടാണ് സംസാരിക്കുന്നത്. സാധാരണക്കാരന് ലഭിക്കേണ്ട പണം സർക്കാർ കവർന്നെടുക്കുകയും എന്നാൽ സർക്കാർ ചെലവഴിക്കേണ്ടിടത്ത് പണം ചെലവഴിക്കാതിരിക്കുകയും സർക്കാരിന്റെ, ഖജനാവിലെ പണം ചെലവാക്കാതെ മറ്റുള്ള ആളുകളുടെ സ്പോൺസർഷിപ്പിൽ എന്ത് വേണമെങ്കിലും നടത്താമെന്ന് പറയുന്ന ആ രാഷ്ട്രീയംകൂടി ഇതിൽ പറയാതിരിക്കാൻ സാധിക്കുമോ? അതാണ് ഞാൻ പറഞ്ഞത്..... കായികമേള നമുക്കറിയാം.....

മി. സ്പീക്കർ: എങ്ങനെ കറങ്ങി വേണമെങ്കിലും നമുക്ക് ഇതിൽ വന്നെത്താൻ സാധിക്കും.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ അങ്ങയെയാണ് മാതൃകയാക്കുന്നത്. അങ്ങയുടെ നിയമസഭാ പ്രസംഗമാണ് മാതൃകയാക്കുന്നത്. ഞാൻ പറഞ്ഞുവന്നത്, തന്ത വൈബ് ഇല്ലാതിരിക്കാൻ വേണ്ടി യാത്രപോകുന്ന ആ സംവിധാനങ്ങളൊക്കെ അംഗീകരിക്കുമ്പോഴും, XXXXXXXX+.

+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (KLS/6113/2026 തീയതി 16-10-2026) സഭാരേഖയിൽനിന്നും നീക്കം

ഇന്ത്യാരാജ്യത്ത് ആദ്യമായി ഒളിമ്പിക്സ് മാതൃകയിൽ കായികമേള നടത്തിക്കൊണ്ട് രാജ്യത്തിന് മാതൃകയായി. ആ സംവിധാനം നടക്കുമ്പോൾ പട്ടിണി കിടക്കുന്ന കുട്ടികൾ സ്കൂളുകളിലുണ്ടായിരുന്നില്ല. (....ബഹളം.....)

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യുക..... കൺക്ലൂഡ് ചെയ്യുക.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, സ്കൂൾ കെട്ടിടങ്ങൾ ഇപ്പോൾ ഇടിഞ്ഞ് പൊളിഞ്ഞ് വീഴുകയാണ്. അത് മാത്രമല്ല, ഏഷ്യൻ ഗെയിംസിൽ അഭിമാനകരമായ നേട്ടവും മെഡലും നേടി വന്ന ആളുകൾ ഞങ്ങൾ കേരളം വിടാൻ പോകുകയാണെന്ന് പറയുകയാണ്. എന്തൊരു അപമാനമാണ്; ഇത് എന്ത് വൈബാണ്; ഈ വൈബ് എന്താണെന്ന് മനസ്സിലാകുന്നില്ല. നമ്മുടെ കുട്ടികൾ സ്കൂളിൽ ഭക്ഷണത്തിന്റെ മെനു പരിഷ്കരിച്ച് ബിരിയാണിയെക്കുറിച്ചും മറ്റ് വലിയ രീതിയിലുള്ള ഭക്ഷണത്തെക്കുറിച്ചുമാണ് സംസാരിച്ചിരുന്നത്. ഇന്ന് ആ സാഹചര്യം മാറി ഉച്ചഭക്ഷണത്തിന് ഒന്നും ലഭിക്കാത്ത അവസ്ഥ വന്നിരിക്കുകയാണ്. ഈ സാഹചര്യത്തിലേക്കാണ് നമ്മുടെ നാട് പൊയ്ക്കൊണ്ടിരിക്കുന്നത്. ആരോഗ്യ സംവിധാനത്തെക്കുറിച്ച്

ചെയ്യ.

പറയാതിരിക്കുന്നതാണ് നല്ലത്. (....ബഹളം.....)

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ (മൈക്ക് ഓഫ്)

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പനി വ്യാപിക്കുകയാണ്. എല്ലാവർക്കും പനി, മാറാത്ത പനി. ആരോഗ്യ വകുപ്പുമന്ത്രി എല്ലാത്തിനും അഭിപ്രായം പറയും. (....ബഹളം.....) ടോർച്ചുകൊണ്ട് സർജറി ചെയ്യേണ്ട കാര്യത്തിലേക്ക് വരികയാണ്. കേരളം രാജ്യത്ത് ആരോഗ്യമേഖലയിൽ മാതൃകയായിരുന്നു. (....ബഹളം.....) ആ മാതൃകയായിരുന്ന കേരളത്തെ നിമിഷം കൊണ്ടാണ് തകർത്തത്.

മി. സ്പീക്കർ: ശ്രീ. മുഹമ്മദ് മുഹസിൻ, please resume your seat...

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, (....ബഹളം.....) ഇത് ഈ സഭയിൽ പറയേണ്ടതല്ലേ ? ആരോഗ്യമേഖലയിൽ പനി പടർന്ന് പിടിക്കുക മാത്രമല്ല, ടോർച്ച് ഉപയോഗിച്ച് സർജറി നടത്തേണ്ട സാഹചര്യത്തിലേക്കെത്തി. (....ബഹളം.....) ഈ ആരോഗ്യമേഖല വെന്റിലേറ്ററിലേക്ക് മാറിയിരിക്കുന്ന

സാഹചര്യമാണ്. ഞാൻ മന്ത്രിയുടെ വാക്കൊന്നും പറയുന്നില്ല. ആ സാഹചര്യത്തിലേക്ക് കേരളം പോയിരിക്കുന്നു. (....ബഹളം.....)

മി. സ്പീക്കർ: ഈ ബില്ലിൽ വളരെ ലിമിറ്റഡായ ഭേദഗതിയാണുള്ളത്. ഒരു വാക്കിന്റെ ഭേദഗതിയാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ ഒരു കാര്യം കൂടി പറയാം. വിദ്യാർഥികളെ അടിച്ചമർത്തിയതിന് ഇന്ന് ആഭ്യന്തര വകുപ്പുമന്ത്രി വലിയ രീതിയിൽ പോലീസിനെ ന്യായീകരിച്ചുകൊണ്ട് പറഞ്ഞു.(....ബഹളം.....) കേരളത്തിൽ ഒരു മന്ത്രി സ്വന്തം വണ്ടിയിൽ സഞ്ചരിക്കാൻ കഴിയാതെ ഓട്ടോയിൽ സഞ്ചരിച്ചു. (....ബഹളം.....) അവിടെനിന്നും ഇറങ്ങി നടക്കേണ്ട ഗതികേട് വന്നു. (....ബഹളം.....) കേരളാ പോലീസിന്റെ നട്ടെല്ല് എവിടെപ്പോയി; കേരള പോലീസിന്റെ ലാത്തി എവിടെപ്പോയി; ഈ കേരളത്തിൽ സഞ്ചരിക്കാനുള്ള അവകാശമില്ലാത്ത ആളുകൾ കേരളത്തിലെ യൂണിവേഴ്സിറ്റിയുടെ അകത്തുപോയി വിദ്യാർഥികളെ തല്ലിച്ചതച്ച പോലീസിന്റെ ആമ്പിയർ എവിടെപോയി? (....ബഹളം.....) ആ മന്ത്രിക്ക് നടക്കാനുള്ള

സാഹചര്യമുണ്ടായോ? സാഹചര്യമുണ്ടായില്ല. ഇപ്പോഴും അവരെയൊന്നും അറസ്റ്റ് ചെയ്തിട്ടില്ല. ഒരു മന്ത്രിയുടെ അവസ്ഥയാണ്. ഡി.ജി.പി.-ക്ക് നാണമുണ്ടോ; രാജി വയ്ക്കണ്ടേ; ആഭ്യന്തര വകുപ്പുമന്ത്രി സംരക്ഷിച്ചോ; നാണമുണ്ടോ? (....ബഹളം.....) ഈ സാഹചര്യമാണ് കേരളത്തിലുള്ളത്.

<u>മി. സ്പീക്കർ</u>: ശ്രീ. മുഹമ്മദ് മുഹസിൻ, please resume your seat,

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: ഈ കുറഞ്ഞകാലംകൊണ്ട് കേരളം നേടിയെടുത്ത നേട്ടങ്ങളെ തകർത്ത് മുന്നോട്ടുപോയി. ആ നേട്ടങ്ങൾ എല്ലാ മേഖലയിലും വൈദ്യുതിയുടെ കാര്യത്തിൽ, ആരോഗ്യ മേഖലയിൽ, കായിക മേഖലയിൽ, വിദ്യാഭ്യാസ മേഖലയിൽ ഇങ്ങനെ എല്ലാം തകർത്ത്, ഇപ്പോൾ അവസാനം ഏറ്റവും പാവപ്പെട്ടവനായി ഒരു കോടതിയിലേക്ക് നീതിക്കുവേണ്ടി പോകുന്ന പാവപ്പെട്ടവൻ, ആ പാവപ്പെട്ടവനെ കോടതിയിൽ അധികമായി കെട്ടിവച്ച ഫീസ് അത് അവന് അദാലത്തിലൂടെയോ മറ്റോ പരിഹരിച്ചാൽ തിരിച്ചുകൊടുക്കുന്ന സംവിധാനമുണ്ടായിരുന്നു. ആ ചെറിയ ഫീസ്, അതുകൂടി പിടിച്ചുവച്ചുകൊണ്ട് നേരത്തെ പറഞ്ഞല്ലോ, തേൻ കുടിക്കുന്ന കാര്യം, പൂമ്പാറ്റ

തേൻ കുടിക്കുന്നതുപോലെ, അങ്ങനെയല്ലേ സർ, ഈ ഗവൺമെന്റ് സാധാരണക്കാരനെ പൂവൻപഴം കൊണ്ട് കഴുത്ത് മുറിക്കുകയാണ്. ചിരിച്ചുകൊണ്ട് കൊല്ലുകയാണ്. അതുകൊണ്ട് അങ്ങനെയുള്ള ഒരു നിയമമാണ്; ഇതിനെ എതിർക്കുന്നു.

വിനോദസഞ്ചാര-സാംസ്കാരിക വകുപ്പുമന്ത്രി (ശ്രീ. പി. സി. വിഷ്ണുനാഥ്): സർ, പോയിന്റ് ഓഫ് ഓർഡർ

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബില്ലാണ്. നമ്മൾ പ്രതിപക്ഷത്തിരുന്ന സമയത്ത് ബില്ലിലെ അമെന്റ്മെന്റിൽനിന്നും മാറി സംസാരിക്കുമ്പോൾ ചെയർ മൈക്ക് ഓഫ് ചെയ്യാറുണ്ടായിരുന്നു, റിക്വസ്റ്റ് ചെയ്യാറുണ്ടായിരുന്നു. (....ബഹളം.....) അംഗത്തിന് അമെന്റ്മെന്റ് അവതരിപ്പിക്കാം. അല്ലാത്ത കാര്യങ്ങൾ സംസാരിക്കുന്നത് രേഖയിലുണ്ടാകാൻ പാടില്ല[+]. (....ബഹളം.....)

[+] ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. KLS/6113/2026 തീയതി 16-10- 2026) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

മി. സ്പീക്കർ: രേഖ പരിശോധിച്ചശേഷം പറയാം+.

ശ്രീ. കെ. രാജൻ: സർ, അങ്ങനെയൊരു കീഴ്വഴക്കം കേരളത്തിലില്ല.

(...മൈക്ക് ഓഫ്...)

മി. സ്പീക്കർ: ഞാൻ ഈ കാര്യത്തിൽ അങ്ങയോട് തർക്കിക്കാൻ നിൽക്കുന്നില്ല. ഇവിടെ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന ആളുകൾ നല്ല പൊതുവിജ്ഞാനമുള്ളവരാണ്. ഈ സഭയിൽ പലവട്ടം വന്നിട്ടുള്ള അംഗങ്ങളും ഒരുവട്ടം വന്നിട്ടുള്ള അംഗങ്ങൾ മാതൃകയായി മാറിക്കൊണ്ടിരിക്കുന്ന ഒരു സഭയാണിത്. നമ്മൾ അദ്ദേഹത്തോട് പറയുകയും അദ്ദേഹം പ്രസംഗം നിർത്തുകയും ചെയ്തിട്ടുണ്ട്. ഇനി അതിനെ പറഞ്ഞ് പൊലിപ്പിച്ച് വേറൊരു വിഷയത്തിലേക്ക് പോകണ്ട.

മി. സ്പീക്കർ: ശ്രീ. കെ. പി. നൗഷാദ് അലി, അങ്ങേയ്ക്ക് 2026-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി മൂവ് ചെയ്തുകൊണ്ട്

+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. KLS/6113/2026 തീയതി 16-10-2026) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

സംസാരിക്കാവുന്നതാണ്. ഭേദഗതി മൂവ് ചെയ്ത് സംസാരിക്കുന്നതിനുമുമ്പ് ഒരു കാര്യം പറയുകയാണ്. ഭേദഗതി മാത്രമായി പറയണം. അതിനപ്പുറത്തേക്ക് പോകരുത്. അങ്ങനെ പോയാൽ ചെയർ അനുവദിച്ചാലും അത് രേഖയിലുണ്ടാകില്ല. അതുകൊണ്ട് ഭേദഗതി മൂവ് ചെയ്യുന്ന അംഗങ്ങൾ കൃത്യമായി രേഖയിൽ വരത്തക്കവിധം ഭേദഗതി മൂവ് ചെയ്ത് സംസാരിക്കണമെന്ന് അഭ്യർഥിക്കുകയാണ്.

ശ്രീ. കെ. പി. നൗഷാദ് അലി: സർ, 2026-ലെ കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന '2 ബി' നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പണ്ട് പ്രൈമറി ക്ലാസിൽ പശുവിനെക്കുറിച്ച് പത്ത് വാചകം എഴുതാൻ പറഞ്ഞപ്പോൾ പശുവിനെ കെട്ടിയിട്ട മരത്തെക്കുറിച്ച് പതിനഞ്ച് വാചകം പറഞ്ഞതുപോലെ ഈ വിഷയത്തിൽ ഇടപെട്ട് സംസാരിക്കാൻ ഞാൻ താൽപര്യപ്പെടുന്നില്ല. അങ്ങയുടെ നിർദേശം ഞാൻ മാനിക്കുകയാണ്. The Kerala Court-Fees and Suits Valuation Act, 1959-ലെ 76-ാം ഭേദഗതി

ജനങ്ങൾക്കുള്ള നിയമകാര്യ സേവനം കൂടുതൽ കാര്യക്ഷമമാക്കാനുള്ള ഭേദഗതിയാണ്. അത് ഹൈക്കോടതിയിൽനിന്ന് രജിസ്ട്രാറുടെ നിർദേശപ്രകാരമാണ്, ആ ഭേദഗതിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുന്നോട്ടുവന്നിട്ടുള്ളത്. അത് നിയമസംബന്ധമായ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സാമൂഹ്യസംരക്ഷണ നടപടികൾ ശക്തിപ്പെടുത്തുന്നതിന് ഊന്നൽ നൽകുന്നതാണ്. അത് വ്യവഹാരികൾക്കും പൊതുജനങ്ങൾക്കുംകൂടി ക്ഷേമമുണ്ടാക്കുന്നവിധത്തിലുള്ള എല്ലാവർക്കും ഐകകണ്ഠ്യേന അംഗീകരിക്കാവുന്ന ഒരു ഭേദഗതി നിർദേശമാണ്. തീർച്ചയായും അതിനെ പിന്തുണയ്ക്കുന്നതായി അറിയിക്കുന്നു. അതോടൊപ്പം, ഒരു കാര്യംകൂടി പറയാനുണ്ട്. ‘ Mohsin’ എന്ന വാക്കിന്റെ അർഥം "one who acts with kindness and excellence എന്നാണ്. കാരണം, പട്ടാമ്പി നിയോജകമണ്ഡലത്തിൽ സി.പി.ഐ. ഇല്ലെന്നും സി.പി.ഐ.(എം.) സ്വാധീനം കാരണമാണ് ജയിച്ചതെന്നും സി.പി.ഐ. സംസ്ഥാന സെക്രട്ടറി തന്നെ പറഞ്ഞിട്ടുണ്ട്. (....ബഹളം.....) XXXXXXXXXX[+]. തീർച്ചയായും

[+] ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. KLS/6112/2026 തീയതി 16-10-2026) സഭാരേഖയിൽനിന്നും

ഈ ഭേദഗതിയെ പിന്തുണയ്ക്കുന്നതായി അറിയിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പോയിന്റ് ഓഫ് ഓർഡർ

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ; ഏതാണ് വകുപ്പ്?

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, എന്നെക്കുറിച്ച് യജമാന ഭക്തിയെന്ന തെറ്റായ പരാമർശമാണ് പറഞ്ഞത്. ഞാൻ ആർജവമുള്ള, സ്വന്തമായി നിലപാടുമുള്ള മനുഷ്യനാണ്. ആരെയും യജമാനനായി കാണുന്നില്ല. അതുകൊണ്ട് അത്തരത്തിലുള്ള വാക്കുകൾ ഉപയോഗിക്കാൻ പാടില്ല. അത് രേഖയിൽനിന്ന് നീക്കം ചെയ്യണം+.

മി. സ്പീക്കർ: അത് പരിശോധിച്ചശേഷം ഞാൻ എന്റെ തീരുമാനം പറയാം+.

മി. സ്പീക്കർ: ശ്രീ. മുഹമ്മദ് മുഹസിൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

നീക്കം ചെയ്തു.

+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. KLS/6112/2026 തീയതി 16-10-2026) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. KLS/6112/2026 തീയതി 16-10-2026) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. മുഹമ്മദ് മുഹസിൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. നൗഷാദ് അലി, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പി. നൗഷാദ് അലി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. പി. നൗഷാദ് അലി അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, എനിക്ക് മറ്റൊന്നും സംസാരിക്കാനില്ല. ഇവിടെ ഈ ബില്ലിന് പുറത്തുപറഞ്ഞ കാര്യങ്ങൾ രേഖയിലുണ്ടാകില്ലെന്ന് അങ്ങ് പറഞ്ഞു. രേഖയിലുണ്ടാകുമെങ്കിൽ ഞാനതിന് മറുപടി പറയാം. രേഖയിലുണ്ടാകാത്തതിനാൽ ഞാൻ അതിന് മറുപടി പറയുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഞാൻ ഒരു കാര്യം പറയുകയാണ്. സഭയ്ക്ക് പൊതുവായൊരു നിലപാടുണ്ട്. അത് എല്ലാവരും ഒരുമിച്ച് എടുത്തിട്ടുള്ളതാണ്. ആൾ പാർട്ടി മീറ്റിങ്ങിലും നമ്മൾ സ്വീകരിച്ചിട്ടുള്ള അണ്ടർസ്റ്റാൻഡിങ്ങാണത്. ഡിസ്കഷനും ഡിബേറ്റിനും ഗുണകരമായ ഏതൊരു കാര്യവും സഭയിൽ പറയാം. അതല്ലാത്ത കാര്യങ്ങൾ പറഞ്ഞാൽ അത് രേഖയിലുണ്ടാകില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറഞ്ഞതിനോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. അതുകൊണ്ട് ഞാൻ അത്തരം കാര്യങ്ങൾക്കൊന്നും മറുപടി പറയുന്നില്ല. ഈ ബില്ലിൽ, ജനങ്ങളുടെ കൈയിലിരിക്കുന്നത് പിടിച്ചുപറിക്കുന്ന രീതിയല്ല സ്വീകരിച്ചിട്ടുള്ളത്. ബഹു. ഹൈക്കോടതിയുടെ കൂടി നിർദേശപ്രകാരമാണ് ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നതെന്ന് ഞാൻ ആമുഖമായി സൂചിപ്പിച്ചിരുന്നു. കോടതിക്ക് പുറത്ത് ഒത്തുതീർപ്പാക്കുന്ന കേസുകളിൽ അഡീഷണൽ കോർട്ട് ഫീസ് റീ-ഫണ്ട് ചെയ്ത് നൽകേണ്ടതില്ല.

കാരണം ആ പണം വേറെ ആവശ്യങ്ങൾക്കുവേണ്ടിയാണ് ഉപയോഗിക്കുന്നത്. കോടതിയുടെ ഇതര സൗകര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നതിനാൽ റീ-ഫണ്ട് ചെയ്യേണ്ടതില്ല എന്ന കോടതിയുടെ നിർദ്ദേശത്തിന് നിയമപരമായ പ്രൊട്ടക്ഷൻ നൽകാൻ വേണ്ടിയാണ് ഈ ബിൽ കൊണ്ടുവരുന്നത്. ഇതിൽ ചെറിയൊരു അമെന്റ്മെന്റ് മാത്രമാണ് മൂവ് ചെയ്യുന്നത്. അത് സബ്ജക്ട് കമ്മിറ്റി VIII-ന് അയയ്ക്കണമെന്ന് ഞാൻ സഭയോട് അഭ്യർഥിക്കുന്നു.

2026-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(ii) 2026-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, 2026-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, 2026-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഭ്രനികൃതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, ഇതൊരു ചെറിയ ഭേദഗതിയാണ്. 'ഫസിലി വർഷം' എന്നതിനുപകരം 'സാമ്പത്തിക വർഷം' എന്നാക്കി മാറ്റുകയാണ്.

ജനുവരി മാസം 1-ാം തീയതി മുതൽ ഡിസംബർ മാസം 31-ാം തീയതി വരെയാണ് സാധാരണ ഫസലി വർഷമായി കണക്കാക്കുന്നത്. പക്ഷേ സാമ്പത്തിക വർഷം എന്നത് ഏപ്രിൽ മാസം മുതൽ അടുത്ത മാർച്ച് മാസം വരെയാണ്. മലബാർ ദേവസ്വം ബോർഡുകളിൽ ഇതുവരെ ഫസലി വർഷമനുസരിച്ചാണ് കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നത്. മലബാർ ദേവസ്വത്തിലുള്ള മഹാഭ്രരിപക്ഷം ക്ഷേത്രങ്ങളും സംസ്ഥാന സർക്കാരിന്റെ ഗ്രാന്റ് ഉപയോഗിച്ചാണ് നിലനിന്നുപോകുന്നത്. സാമ്പത്തിക വർഷവും ഫസലി വർഷവുമായിട്ടുള്ളൊരു കോൺഫ്ലിക്ഷൻ ഇല്ലാതാക്കാനാണ് ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഇതനുസരിച്ച് ആക്ട് 70, 71, 76, 79 എന്നീ വകുപ്പുകളിലാണ് ഭേദഗതി വരുത്തുന്നത്. 1951-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ ആക്ടുപ്രകാരം പ്രവർത്തിക്കുന്ന മതസ്ഥാപനങ്ങളുടെയും എൻഡോവ്മെന്റുകളുടെയും ഭരണനിർവഹണവുമായി ബന്ധപ്പെട്ട കണക്കുകൾ, ഓഡിറ്റ് തുടങ്ങിയവ നിലവിൽ ഫസലി വർഷം അടിസ്ഥാനമാക്കിയാണ് നിർവഹിച്ചുവരുന്നതെങ്കിലും സംസ്ഥാന സർക്കാരിന്റെ ബജറ്റ് ഗ്രാന്റിൽ

പ്രവർത്തിച്ചുവരുന്ന മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട കണക്കുകൾ കൈകാര്യം ചെയ്യുന്നത് സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിലാണ്. ഇതുരണ്ടും തമ്മിലുള്ള കോൺഫ്ലിക്ഷൻ ഒഴിവാക്കാനാണ് ഫസലി വർഷം മാറ്റി പകരം സാമ്പത്തികവർഷം ആക്കുന്ന ഒരു ഭേദഗതി ഇവിടെ അവതരിപ്പിക്കുന്നത്.

ശ്രീ. ടി. എം. ശശി: സർ, 2026-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-11-2026 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി ബില്ലിനെ സംബന്ധിച്ച് പറഞ്ഞത് ശരിയാണ്. ബില്ലിലെ ഭേദഗതി വളരെ ചെറുതാണ്. എന്നാൽ അങ്ങനെ ചെറുതായി കാണേണ്ട ഒരു കാര്യമല്ലാത്തതിനാലാണ് ഞാൻ ഈ ബില്ലിനെ പൊതുജനാഭിപ്രായത്തിനുവേണ്ടി വിടണമെന്ന് പറയുന്നത്. ഈ ബില്ലിൽ 1951-ലാണ് ഭേദഗതി വരുന്നതെന്ന് അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. 1923-ൽ

മദ്രാസ് പ്രസിഡൻസി അവതരിപ്പിച്ച് 1925-ൽ അംഗീകാരം ലഭിച്ച ഈ നിയമം കേരളം രൂപീകൃതമാകുന്നതിനുമുമ്പ് 1951-ലാണ് ഭേദഗതി വരുത്തിയത്. ഏഴ് പതിറ്റാണ്ടായിട്ടും ഇപ്പോഴും നാം അതുതന്നെ പിന്തുടരുകയാണ്. അതിൽ വലിയ പ്രശ്നം നിലനിൽക്കുകയാണ്, ഈ ഏഴുപതിറ്റാണ്ടിന്റെ പ്രതിസന്ധി അതിൽ നന്നായിട്ടുണ്ട്. അതുകൊണ്ടുതന്നെ തിരുവിതാംകൂർ ദേവസ്വം മോഡലിൽ മലബാർ ദേവസ്വം ബോർഡിനെ പുനഃക്രമീകരിക്കണമെന്നാണ് എനിക്ക് അതിൽ ഭേദഗതി നിർദേശിക്കാനുള്ളത്. അത് വിശദമായ വിഷയമാണ്. ഇന്ന് ഹൈന്ദവ ക്ഷേത്രങ്ങളെയും ആചാരങ്ങളെയും എത്രമാത്രം രാഷ്ട്രീയവൽക്കരിക്കുന്നുവെന്ന് നമുക്ക് നല്ല ബോധ്യമുണ്ട്. അതുകൊണ്ടാണ് ഈ ബിൽ പൊതുജനങ്ങളുടെ അഭിപ്രായത്തിന് അയയ്ക്കണമെന്ന് ഞാൻ പറയാൻ കാരണം.

നിലവിൽ ക്ഷേത്രങ്ങൾ സൂപ്പർഗ്രേഡ്, സ്പെഷ്യൽ ഗ്രേഡ്, എ-ഗ്രേഡ്, ബി-ഗ്രേഡ്, സി-ഗ്രേഡ്, ഡി-ഗ്രേഡ് എന്നിങ്ങനെ ആറ് ഗ്രേഡുകളായാണ് നിലനിൽക്കുന്നത്. ഏഴായിരത്തോളം ജീവനക്കാരുണ്ട്. സൂപ്പർ ഗ്രേഡിലും

സ്പെഷ്യൽ ഗ്രേഡിലും എ-ഗ്രേഡിലുമുള്ളത് ആകെ ഇരുന്നൂറ്റിയമ്പതോളം ക്ഷേത്രങ്ങൾ മാത്രമാണ്. ആകെ ആയിരത്തിമുന്നൂറോളം ക്ഷേത്രങ്ങൾവരുന്ന മലബാർ ദേവസ്വം ബോർഡിന്റെ ഏകീകരണത്തിൽ 250 ക്ഷേത്രങ്ങൾ കഴിഞ്ഞാൽ ബാക്കിയുള്ള ആയിരത്തിയമ്പതോളം ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് തുച്ഛമായ വരുമാനമാണ് ലഭിക്കുന്നത്. ജീവനക്കാർക്ക് ദീർഘകാലമായി ലഭിച്ചിരുന്ന എഴുന്നൂറ്റിയമ്പതും എണ്ണൂറ്റിയമ്പതും രൂപ ശമ്പളത്തിൽനിന്നും 8000 രൂപ ശമ്പളമാക്കി മാറ്റിയത് കഴിഞ്ഞ സർക്കാരാണ്. അത് കാലോചിതമായി മാറ്റേണ്ടതുണ്ട്; ക്ഷേത്രങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ല. അതിൽ ചില പ്രശ്നങ്ങളുണ്ട്. 18 മാസത്തെ ശമ്പള കുടിശ്ശിക ഇന്നും നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് സമഗ്രമായ മാറ്റം ആവശ്യമാണ്. അതുകൊണ്ടാണ് ക്ഷേത്രങ്ങളുടെ ഗ്രേഡ് സിസ്റ്റം മാറ്റി തിരുവിതാംകൂർ മോഡലിൽ വരണമെന്ന് പറയുന്നത്. അത് സബ്ജക്ട് കമ്മിറ്റിയിൽ മാത്രം ചർച്ച ചെയ്യേണ്ടതല്ല, അതിൽ നിരവധിയായ പ്രശ്നങ്ങളുണ്ട്. ശമ്പളം നൽകാൻ കഴിയാതെയാകുമ്പോൾ, ക്ഷേത്രത്തിന് കൊടുക്കുന്ന ഗ്രാന്റിൽനിന്നും ശമ്പളം

കൊടുക്കും. പഴയ ശമ്പളത്തിന്റെ അടിസ്ഥാനത്തിലാണ് കൊടുക്കുന്നത് എന്നതുകൊണ്ടുതന്നെ ഈ ശമ്പളം കൊടുത്താൽ ക്ഷേത്രങ്ങളുടെ ഭരണകാര്യങ്ങൾ നടക്കില്ല. ഈ നിലയിൽ കാര്യങ്ങൾ പോകുന്നത് വളരെ ഗുരുതരമായ പ്രയാസങ്ങളുണ്ടാക്കുമെന്നതാണ് ഏറ്റവും പ്രധാനപ്പെട്ടത്.

ജനങ്ങളുടെ അഭിപ്രായം വിശദമായി തേടണമെന്ന് പറയുന്നതിൽ വിവിധ വിഷയങ്ങളുണ്ട്. കേരളത്തിൽ ഒഴികെ മറ്റ് സംസ്ഥാനങ്ങളിലെല്ലാം ആചാരങ്ങളെയും ക്ഷേത്രങ്ങളെയും ഉപയോഗപ്പെടുത്തി സംഘ്പരിവാർ വർഗീയ ചേരിതിരിവുണ്ടാക്കി നേടിയ രാഷ്ട്രീയ നേട്ടങ്ങൾ നമുക്കെല്ലാവർക്കും നന്നായി അറിയാം. അത് ഒരു കാരണവശാലും കേരളത്തിൽ അനുവദിച്ചുകൊടുക്കാൻ കഴിയില്ല. ഹൈന്ദവ ആചാരങ്ങളെയും അതിന്റെ ദൈവസങ്കൽപ്പത്തെയുംകുറിച്ച് നമുക്ക് നല്ല ധാരണയുണ്ട്. പ്രപഞ്ചത്തിന്റെ പരമമായ സത്യം പരബ്രഹ്മമാണ്. പരമാത്മാവും വ്യക്തിയുടെ ആത്മാവും ഒന്നാണെന്ന് നമുക്കറിയാം. ഉദ്ദാലക മഹർഷി മകനായ ശ്വേതകേതുവിന് പരമാത്മാവ് ആരാണെന്ന് പറഞ്ഞുകൊടുക്കുന്നുണ്ട്. ആ പരമാത്മാവ് എന്നത്

ഞാനും നിങ്ങളും ഉൾപ്പെടുന്നതാണ്. നമ്മളിലെല്ലാം പരമാത്മാവുണ്ട്. തുണിലും തുരുമ്പിലും പരമാത്മാവ് ഉണ്ടെന്നാണ്. പക്ഷെ ഇപ്പോൾ സംഘ്പരിവാർ ഹിന്ദുത്വത്തിന്റെ പേര് പറഞ്ഞ് ആളുകളെ വിഭജിക്കുകയാണ്. അതിന്റെ പേരിൽ ക്ഷേത്രങ്ങളെ ഒരു കാരണവശാലും വിട്ടുകൊടുക്കാൻ കഴിയില്ല. അതിനാൽ ഒരു നിലയിലും അവർക്ക് ഇടപെടാൻ കഴിയാത്ത രീതിയിലേക്ക് അതിനെ മാറ്റണം. അവരുടെ പ്രചാരണം വരുന്നത് എന്തുകൊണ്ടാണ്? ക്ഷേത്രങ്ങളുടെ പണം ഉപയോഗിച്ച് സർക്കാർ ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നുവെന്നാണ് അവർ പറയുന്നത്. കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് എഴുന്നൂറ് കോടിയോളം രൂപയാണ് സംസ്ഥാനത്തെ ക്ഷേത്രങ്ങളുടെ ദേവസ്വങ്ങൾക്കുവേണ്ടി നൽകിയിട്ടുള്ളത്. മലബാർ ദേവസ്വത്തിനുമാത്രം 325 കോടിയോളം രൂപ നൽകിയിട്ടുണ്ടെന്നതാണ് വസ്തുത എന്നിരിക്കെ ഇവർ പറയുന്നത് ക്ഷേത്രങ്ങളുടെ പണം കൊള്ളയടിക്കുന്നുവെന്നാണ്. ഉത്തരേന്ത്യൻ മോഡലിൽ പ്രചാരണം കൊടുക്കുകയും ആളുകൾക്കിടയിൽ ചേരിതിരിവ് ഉണ്ടാക്കുകയുമാണ്. അതിന്

അവസരം കൊടുക്കുന്നതിന് ഒരു കാരണം കൂടിയുണ്ട്. ചില പ്രധാനപ്പെട്ട ക്ഷേത്രങ്ങളിൽ വരുമാനം കൂടുതലുണ്ടെന്ന് നമുക്കറിയാം. ആ ക്ഷേത്രങ്ങളിൽ ജനകീയ കമ്മിറ്റികളുണ്ട്. ആ ജനകീയ കമ്മിറ്റികൾ കോടിക്കണക്കിന് രൂപ പിരിച്ച് ക്ഷേത്രങ്ങളിലെ ഉത്സവം നടത്തും. ആ കമ്മിറ്റികളിൽ വരുന്ന പണം, ആ കമ്മിറ്റി തന്നെ തീരുമാനിച്ച്.... ഏരിയ കമ്മിറ്റികളുടെ അംഗീകാരത്തോടെ ആ പണം അവിടെത്തന്നെ ചെലവഴിക്കാൻ നിയമമുണ്ടെങ്കിലും ഒരു ഘട്ടം കഴിഞ്ഞാൽ അവർ അത് ദേവസ്വത്തിലേക്ക് മാറ്റാൻ പറയും. അങ്ങനെ മാറ്റുമ്പോൾ ആ പ്രദേശത്തെ ജനങ്ങൾ കരുതുന്നത് ഇത് ദേവസ്വം കൊണ്ടുപോകുന്നുവെന്നാണ്. പണം ദേവസ്വം കൊണ്ടുപോയി എന്ന് നേരത്തെ പറഞ്ഞ ആളുകൾക്ക് അവരുടെ പ്രചാരണത്തിന് ശക്തി കൊടുക്കാനാണ് ഇതിലൂടെ കഴിയുന്നത്. അങ്ങനെ വരാതിരിക്കാൻ അതിൽ കാതലായ മാറ്റമുണ്ടാകണം. ജനങ്ങളിൽനിന്നും പിരിച്ചെടുക്കുന്ന പണം ദേവസ്വം കൊണ്ടുപോകുന്നുവെന്ന പ്രചാരണം കൊടുക്കാനുള്ള അവസരങ്ങൾ മാറ്റി അത് അതത് പ്രദേശത്തെ വിവിധങ്ങളായ വികസനങ്ങൾക്ക് മാറ്റാൻ കഴിയണം.

അതുപോലെ ദേവസ്വത്തിൽ, 1050 ക്ഷേത്രങ്ങളിൽ ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ കഴിയാതിരിക്കുന്ന ക്ഷേത്രങ്ങൾക്ക് ശമ്പളം നൽകാനാവശ്യമായ സഹായങ്ങളുൾപ്പെടെ അതിലുണ്ടാകണം. അതിന് സഹായകരമാകുന്ന ഇടപെടലാണ് അതിലുണ്ടാകേണ്ടതെന്നാണ് പറയാനുള്ളത്. ഏറ്റവും പ്രധാനമായും ശ്രദ്ധിക്കേണ്ട വിഷയം, അപകടകരമായ രീതിയിൽ ദേവസ്വം ബോർഡുകളെ ഉപയോഗിക്കുന്നതാണ്. യു.ഡി.എഫ്. സർക്കാരിന്റെ സംഘ്പരിവാർ ബന്ധമുള്ള ചിലയാളുകളെ അതിൽ നിയമിക്കുന്നുവെന്ന് പ്രചാരണമുണ്ടായിരുന്നു. അതിലെത്ര വാസ്തവമുണ്ടെന്ന കാര്യം ഞാൻ പറയുന്നില്ല. അത്തരം സാഹചര്യം ഒഴിവാക്കാൻ, ഭക്തിസാന്ദ്രമായ വർഗീയരഹിതമായ ഇടപെടലുണ്ടാകാൻ സ്വാഭാവികമായും ഈ ബില്ലിൽ സമഗ്രമായ മാറ്റമുണ്ടാകണം. അതിനാവശ്യമായ ക്രമീകരണമുണ്ടാക്കണം. ഈ ബില്ലിലെ ഭേദഗതികൊണ്ട് നമുക്ക് എന്ത് നേട്ടമാണ് ഉണ്ടാകുന്നത്. സർക്കാർ കൊടുക്കുന്ന പണം ഫിനാൻഷ്യൽ ഇയർ പോലെ ഏപ്രിൽ മുതൽ മാർച്ച് വരെ അവസാനിപ്പിക്കുന്നു. ദേവസ്വത്തിന്റെ പണം ആയാലും അത് തന്നെയല്ലേ

സംഭവിക്കുന്നത്. കലണ്ടർ വർഷത്തിൽ പോയിക്കൊണ്ടിരിക്കുന്നു. സമഗ്രമായ മാറ്റമാണ് ആവശ്യം. അതാണ് ക്ഷേത്രങ്ങൾക്ക് ഏറ്റവും നല്ലത്. 1300 ക്ഷേത്രങ്ങളും ഏഴായിരത്തോളം ജീവനക്കാരുമാണുള്ളത്. ആളുകൾ പ്രതീക്ഷയോടെ ക്ഷേത്രങ്ങളിൽ വരികയാണ്. അതുകൊണ്ട് വിശദമായ മാറ്റമുണ്ടാക്കാനാവശ്യമായ ഇടപെടലുണ്ടാകണമെന്ന അഭ്യർഥനയാണുള്ളത്. അതുകൊണ്ടാണ് ഈ വിഷയം പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാനും നവംബർ മാസം 30-ാം തീയതി വരെ ഈ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്നും ഞാൻ അഭ്യർഥിക്കുന്നത്.

<u>ശ്രീ. മുഹമ്മദ് ഷിയാസ്</u>: സർ, 2026-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന '2 ബി' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബില്ലിനെ സംബന്ധിച്ച് സംസാരിക്കാൻ അവസരം നൽകിയതിന് ഞാൻ ആദ്യമേ നന്ദി രേഖപ്പെടുത്തുകയാണ്. വളരെ ലളിതവും എന്നാൽ

ഭരണപരവും അത്യന്താപേക്ഷിതവുമായ ഒരു സാമ്പത്തിക ഏകീകരണത്തിന് വേണ്ടിയാണ് ഈ ബിൽ ലക്ഷ്യമിടുന്നത്. 1951-ലെ മദ്രാസ് ഹിന്ദു മത- ധർമ്മ എൻഡോവ്മെന്റുകൾ ആക്ടിലെ 70, 71, 76, 79 എന്നീ വകുപ്പുകളിൽ ഇപ്പോഴും തുടർന്നുപോരുന്ന ഫസലി വർഷം (ജൂലൈ 1 മുതൽ ജൂൺ 30 വരെയുള്ള പഴയ കാർഷിക വർഷം) മാറ്റി, പൊതു സാമ്പത്തിക സംവിധാനത്തിന് അനുയോജ്യമായ സാമ്പത്തിക വർഷം എന്നാക്കി ക്രമീകരിക്കുന്ന ഒരു നടപടിയാണിത്. മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ സർക്കാരിന്റെ ബജറ്റ് ഗ്രാന്റുമായും ആദായ നികുതി വകുപ്പിന്റെയും ട്രഷറിയുടെയും അക്കൗണ്ട് രീതികളുമായി പൊരുത്തപ്പെടാൻ ഈ ഭേദഗതി അനിവാര്യമാണ്. മലബാർ ദേവസ്വം ബോർഡ് വലിയ വെല്ലുവിളികൾ നേരിടുന്നുണ്ട്. ക്ഷേത്രങ്ങളുടെ വരുമാനത്തിന്റെയും ചെലവുകളുടെയും കണക്കുകൾ യഥാസമയം സമർപ്പിക്കുന്നതിലും ഓഡിറ്റ് നടത്തുന്നതിലും മുൻകാലങ്ങളിൽ നേരിട്ട കാലതാമസം പരിഹരിക്കാൻ സാമ്പത്തിക വർഷത്തിലേക്ക് മാറുന്നത് സഹായകരമായിരിക്കും. അക്കൗണ്ടുകൾ

ക്രമീകരിക്കുന്നതിലൂടെ മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ സാമ്പത്തിക സുതാര്യത ഉറപ്പാക്കാനും വരുമാനം കുറഞ്ഞ ക്ഷേത്രങ്ങൾക്കും അവിടത്തെ ജീവനക്കാർക്കുമുള്ള സർക്കാർ സഹായങ്ങൾ ഇടതടവില്ലാതെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നതിനും സാധിക്കും. 2025-ൽ കേരള ഹൈക്കോടതിയുടെ പരിഗണനയിലെത്തിയ കേസിൽ, 2024 ഒക്ടോബറിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം 378 ക്ഷേത്രങ്ങളിലെ ഏഴ് ക്ഷേത്രങ്ങളിൽ മാത്രമാണ് കറണ്ട് ഓഡിറ്റ് പൂർത്തിയാക്കിയിട്ടുള്ളതെന്നാണ് കോടതിയിൽ അറിയിച്ചിട്ടുള്ളത്. ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുകയെന്നത് ഏറ്റവും അനിവാര്യമായ ഒരു കാര്യമാണ്. ക്ഷേത്രങ്ങളിലെ സ്വർണ്ണം, വെള്ളി തുടങ്ങിയ ഉരുപ്പടികളുടെ സുരക്ഷ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. ക്ഷേത്രങ്ങളിൽ ജീവനക്കാരുടെയും അവർ നൽകുന്ന സേവനങ്ങളുടെയും കുറവ് ക്ഷേത്രങ്ങളിൽ വരുന്ന ഭക്തജനങ്ങൾക്ക് വളരെ വലിയ ബുദ്ധിമുട്ടുകളാണുണ്ടാക്കുന്നത്. ക്ഷേത്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെ ഇന്നത്തെ കാലഘട്ടത്തിൽ ഒരിക്കലും

അംഗീകരിക്കാൻ സാധിക്കാത്ത പല പ്രായോഗിക പ്രശ്നങ്ങളും പല ക്ഷേത്രങ്ങളിലുമുണ്ട്. ക്ഷേത്രങ്ങളുടെ പുനരുദ്ധാരണവും സംരക്ഷണവും ഉറപ്പ് വരുത്താനുള്ള നടപടികളും സ്വീകരിക്കേണ്ടതുണ്ട്. ക്ഷേത്ര ഭൂമിയുമായി ബന്ധപ്പെട്ട് വലിയ പ്രശ്നങ്ങൾ പല സ്ഥലങ്ങളിലും നിലനിൽക്കുന്നുണ്ട്. കൂടാതെ ക്ഷേത്രങ്ങളിൽ ഭരണപരമായ കാര്യക്ഷമതയും വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളുടെ സംരക്ഷണവും ഉറപ്പുവരുത്തേണ്ടതുണ്ട്. ഉത്സവങ്ങളുടെ നടത്തിപ്പും ഭക്തജനങ്ങളുടെ സുരക്ഷയും അതിനെക്കാൾ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇന്ന് എല്ലാ സ്ഥലത്തും ഡിജിറ്റൽവൽക്കരണവും ആധുനികവൽക്കരണവും നടന്നുകൊണ്ടിരിക്കുകയാണ്. അത് ക്ഷേത്രങ്ങളിലും ഏറ്റവും സുരക്ഷിതമായി നടപ്പാക്കേണ്ടതുണ്ട്. ഇത്തരം കാര്യങ്ങളെല്ലാം ആധുനിക കാലഘട്ടത്തിനനുസൃതമായി വളരെ നന്നായി ചെയ്യാൻ സാധിച്ചാൽ മാത്രമേ ഭക്തജനങ്ങളോട് നീതി പുലർത്തുന്ന ഒരു സംവിധാനമായി സർക്കാരിന് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. എല്ലാ ക്ഷേത്രങ്ങളുടെയും വരവ്-ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റ് നടത്തേണ്ടത്

അത്യന്താപേക്ഷിതമാണ്. ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തുന്ന വീഴ്ചകൾ പരിഹരിക്കുന്നതിന് സമയപരിധി നിശ്ചയിക്കുകയും വേണം. ക്ഷേത്രങ്ങളിലെ സ്വർണ്ണവും വെള്ളിയും ഉൾപ്പെടെയുള്ള ഉരുപ്പടികളുടെ കൃത്യമായ കണക്കെടുപ്പും സുരക്ഷയും ഉറപ്പുവരുത്താനും സാധിക്കണം. ദേവസ്വം ബോർഡുകളിലെ ജീവനക്കാരെ.....

ശ്രീ. എം. വിൻസെന്റ്: സർ, ക്ഷേത്രങ്ങളിലെ സ്വർണ്ണത്തിന്റെയും വെള്ളിയുടെയും സുരക്ഷിതത്വത്തെക്കുറിച്ചാണ് ഈ ബില്ലുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം സംസാരിച്ചത്. ശബരിമല ക്ഷേത്രത്തിലെ സ്വർണ്ണക്കൊള്ളയാണ് ഭക്തജനങ്ങളെയാകെ ആശങ്കയിലാക്കുന്ന പ്രധാനപ്പെട്ട ഒരു കാര്യം. ശബരിമല ക്ഷേത്രത്തിലെ സ്വർണ്ണപ്പാളികൾ കൊള്ളയടിച്ചിട്ടും അത് കണ്ടെത്താനും ആ സമയത്ത് അത് തടയാനും യാതൊരു സംവിധാനവുമുണ്ടായില്ല. മാത്രമല്ല, ഇത്തരത്തിൽ സ്വർണ്ണക്കൊള്ള തടയേണ്ട സംവിധാനങ്ങളെല്ലാം സ്വർണ്ണപ്പാളികൾ കടത്തിക്കൊണ്ടുപോകുന്നതിനുള്ള ഒത്താശ ചെയ്ത കൊടുത്തതായിട്ടാണ് നമുക്ക് കാണാൻ സാധിച്ചത്. ശബരിമല

ദർശനത്തിനുവേണ്ടിയാണ് ഇന്ത്യയിലെ ഏറ്റവും കൂടുതൽ ഭക്തജനങ്ങൾ കേരളത്തിലേക്ക് വരുന്നത്. രാജ്യത്തെ മുഴുവൻ ശബരിമല ഭക്തന്മാരുടെ മനസ്സിൽ ഇത് വളരെ വലിയ മുറിവാണ് ഏൽപ്പിച്ചിരിക്കുന്നത്. ഇതുപോലെ തന്നെയാണ് അയോധ്യയിലെ രാമക്ഷേത്രത്തിലും നടന്നിട്ടുള്ളത്. അവിടെ വലിയ തോതിലുള്ള കാണിക്കയും സ്വർണ്ണവുമാണ് കൊള്ളയടിച്ചിട്ടുള്ളത്. രാജ്യത്തെ മുഴുവൻ ഭക്തജനങ്ങളും ഭക്തിപൂർവം അർപ്പിക്കുന്ന കാണിക്ക ചാക്കിൽക്കെട്ടി ശൗചാലയത്തിൽ കൊണ്ടുപോയി ഒളിപ്പിക്കുന്ന സാഹചര്യം അവിടെ ഉണ്ടായി. ആരാധനാലയങ്ങളിലെ സ്വർണ്ണവും പണവും സൂക്ഷിക്കുന്നതിനും സംരക്ഷിക്കുന്നതിനും വ്യക്തവും സുതാര്യവും ശക്തവുമായ നടപടികൾ വേണമെന്നല്ലേ അങ്ങേയ്ക്ക് തോന്നുന്നത്.

<u>ശ്രീ. മുഹമ്മദ് ഷിയാസ്</u>: സർ, ഞാനും അതിലേയ്ക്കാണ് വരുന്നത്. ജീവനക്കാരുടെ ശമ്പളം, പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങളിൽ കാര്യക്ഷമമായ ഓഡിറ്റ് നടത്തേണ്ടതുണ്ട്. വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളുടെ നടത്തിപ്പ് വളരെ പരിതാപകരമായ

അവസ്ഥയിലാണ്. നിത്യപൂജയും മറ്റ് പ്രവർത്തനങ്ങളും നടത്താൻ ബുദ്ധിമുട്ടുള്ള വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളെ പല സ്ഥലങ്ങളിലും കാണാൻ സാധിക്കുന്നതാണ്. അത്തരം ക്ഷേത്രങ്ങളിൽ സഹായമെത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ ഈ ബിൽ കൊണ്ടുവരുന്നതിലൂടെ നമുക്ക് സാധിക്കും. ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. ആലുവയിൽ ഞാൻ താമസിക്കുന്ന വീട്ടിനടുത്തുള്ള അമ്പാട്ടുകാവ് ഭഗവതിക്ഷേത്രത്തിലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി അവർ വർഷങ്ങളായി ദേവസ്വം ബോർഡിനോട് ഫണ്ട് ആവശ്യപ്പെട്ടിട്ടും ഫണ്ട് അനുവദിക്കാൻ തയ്യാറായിട്ടില്ല. ഞാൻ ഈ നിയമസഭ സമ്മേളനത്തിന് വരുന്നതിന് മുമ്പായി ആ ക്ഷേത്ര ഭാരവാഹികൾ എന്നെ വന്ന് കാണുകയുണ്ടായി. അവർ സമർപ്പിച്ച നിവേദനത്തിന് പരിഹാരമുണ്ടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർഥിക്കുകയുണ്ടായി. കഴിഞ്ഞ കുറെ വർഷങ്ങളായി ദേവസ്വം ബോർഡ് പ്രസിഡന്റുമാരോട് ഞാൻ ഇക്കാര്യത്തെ സംബന്ധിച്ച് സംസാരിച്ചിരുന്നെങ്കിലും ഇതുവരെ അതിൽ ഒരു

നടപടിയും ഉണ്ടായിട്ടില്ല. അതുകൊണ്ട് വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ക്ഷേത്രങ്ങളിൽ വരുന്ന ഭക്തജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ അവർക്ക് പ്രാർഥിക്കാൻ സാധിക്കുന്ന കേന്ദ്രങ്ങളാക്കി ക്ഷേത്രങ്ങളെ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ക്ഷേത്ര ഭൂമികളുടെ രേഖകൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കാൻ വേണ്ട നടപടികളുണ്ടാകണം.

അന്യാധീനപ്പെട്ടുപോകുന്ന പല സ്ഥലങ്ങളെക്കുറിച്ചും നമുക്കറിയാം. ക്ഷേത്രങ്ങളുടെ ഭൂമി കൈയേറുന്ന ഒരു പ്രവണത എല്ലായിടത്തുമുണ്ട്. ക്ഷേത്രങ്ങളുടേത് മാത്രമല്ല, ഒരാളുടെ കൈവശമിരിക്കുന്ന ഭൂമിപോലും കൈയേറുന്ന പ്രവണത ഈ കാലഘട്ടത്തിൽ വർധിച്ചുവരികയാണ്. അവ ഡിജിറ്റലൈസ് ചെയ്ത് ഡോക്യുമെന്റ് ചെയ്യാൻ സാധിച്ചാൽ ക്ഷേത്രങ്ങളുടെ ഭൂമികൾ നഷ്ടപ്പെടാതെ സൂക്ഷിക്കാൻ നമുക്ക് സാധിക്കും. ഉത്സവങ്ങളുടെ നടത്തിപ്പിൽ സുരക്ഷയും സാമ്പത്തിക സുതാര്യതയും അനിവാര്യമാണ്. പല സ്ഥലങ്ങളിലും ഉത്സവങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പല

പ്രശ്നങ്ങളുമുണ്ടാകുന്നത് സാമ്പത്തിക സുതാര്യതയില്ലാത്തതുകൊണ്ടാണ്. അത് ഉറപ്പുവരുത്താനുള്ള നടപടികൾ ഇതിലൂടെ നമുക്ക് ലഭ്യമാകുകയും ചെയ്യും. ഭക്തജനങ്ങളുടെ പരാതി സമയബന്ധിതമായി പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഒരു സംവിധാനംകൂടി ഏർപ്പെടുത്തണം. ബഹുമാന്യനായ അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ശബരിമലയിലുണ്ടായ വിഷയങ്ങൾ, സ്വർണ്ണപ്പാളികളും ദ്വാരപാലക ശില്പങ്ങളും ഉൾപ്പെടെ കടത്തിക്കൊണ്ട് പോയതുമായി ബന്ധപ്പെട്ടുണ്ടായ വലിയ വിവാദങ്ങൾ, ശബരിമല ക്ഷേത്രത്തിൽവരുന്ന അയ്യപ്പ വിശ്വാസികളായ ആളുകൾക്ക് മാത്രമല്ല, കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും അപമാനകരമായ കാര്യമാണ് കഴിഞ്ഞ സർക്കാരുകളുടെ കാലഘട്ടങ്ങളിൽ ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. കോഴിയെ തിന്ന കുറുക്കൻ ഏറ്റവും അവസാനം കോഴിയുടെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട് പ്രാർഥനാ യജ്ഞം നടത്തുന്നതുപോലെ, ഏറ്റവും അവസാനം അയ്യപ്പസംഗമം നടത്തിയതുകൊണ്ട് എന്തെങ്കിലും കാര്യമുണ്ടോ; ഇവയെല്ലാം നടത്തിയതുകൊണ്ട് ഈ നാട്ടിലെ ഭക്ത ജനങ്ങൾക്ക് നമ്മൾ കൊടുക്കുന്ന

സന്ദേശമെന്താണ്? ആളുകൾ രാവിലെ മുതൽ വൈകുന്നേരം വരെ കഠിനാധ്വാനം ചെയ്ത് സമ്പാദിക്കുന്ന പണംകൊണ്ടാണ് ആരാധനാലയങ്ങളിലേക്ക് അവരുടെ സങ്കടങ്ങളും ദുഃഖങ്ങളും ബുദ്ധിമുട്ടുകളും പ്രാരാബ്ദങ്ങളുമെല്ലാം പറയാൻവേണ്ടി വരുന്നത്. അവർ സമർപ്പിക്കുന്ന കാണിക്ക, സ്വർണ്ണമോ വെള്ളിയോ എന്തുമാകട്ടെ, അവയെല്ലാം മോഷ്ടിച്ചുകൊണ്ടുപോകുന്ന നടപടി ഉണ്ടാകാതിരിക്കണം. അത് നാടിന്റെ ഗുണപരമായ മുന്നോട്ടുള്ള സാമൂഹിക വ്യവസ്ഥിതിക്ക് നല്ലതല്ല എന്നുകൂടി ഏറ്റവും പ്രധാനപ്പെട്ട ഒന്നായി നാം കാണേണ്ടതുണ്ട്. ആരാധനാലയങ്ങളിൽ വരുന്ന ഭക്തജനങ്ങൾക്ക് വെള്ളംപോലും കൊടുക്കാൻ സാധിക്കാത്തൊരു സർക്കാരാണ് കഴിഞ്ഞ കാലഘട്ടങ്ങളിലുണ്ടായിരുന്നത്. പക്ഷെ, പി.ആർ. വർക്കുകൾക്കുവേണ്ടി അവർ കോടിക്കണക്കിന് രൂപ മാറ്റിവച്ചിരിക്കുന്നു, കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടങ്ങളിൽ കോടിക്കണക്കിന് രൂപയാണ് പി.ആർ. വർക്കുകൾക്കുവേണ്ടി അവർ ചെലവാക്കിയതെങ്കിൽ ശബരിമല ക്ഷേത്രത്തിൽ ഉൾപ്പെടെ വന്ന ചെറിയ കുട്ടികളായ അയ്യപ്പൻമാർക്കുപോലും

കൂടിവെള്ളംപോലും കൊടുക്കാൻ കഴിയാതെ വലിയ പരാതികളാണ് ഉയർന്നത്. അത്തരത്തിലുള്ള ദേവസ്വം മോഡൽ അല്ല നമുക്ക് അനിവാര്യമായിട്ടുള്ളത്. അത്തരത്തിലുള്ള ഒന്നല്ല നമുക്ക് ഗുണകരമായിട്ടുള്ളത് എന്നുള്ളതുകൂടി മനസ്സിലാക്കണം. സ്വർണ്ണം ചെമ്പായി മാറുന്ന രസതന്ത്രമൊന്നും നമുക്ക് ആവശ്യമില്ല. അതൊന്നമല്ലല്ലോ നമുക്ക് അനിവാര്യമായിട്ടുള്ളത്. അവയെല്ലാം മാറ്റിവച്ചുകൊണ്ട് ഈ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഈ ഭേദഗതി കൊണ്ടുവന്നത് വളരെ ഗുണകരമായ ഒന്നാണ്. ചട്ടത്തിന്റെ സുതാര്യതയും കാര്യക്ഷമതയും പുനഃസ്ഥാപിക്കാനും ദേവസ്വം ബോർഡുകളുടെ അക്കൗണ്ടിങ് സംവിധാനം കാലാനുസൃതമായി പരിഷ്കരിക്കാനും ബന്ധപ്പെട്ട മന്ത്രി അവതരിപ്പിച്ച ഈ ബിൽ സ്വാഗതാർഹമായിട്ടുള്ള ഒന്നാണ്. മുൻ ഭരണകാലഘട്ടത്തിലെ കെടുകാര്യസ്ഥതകൾ തിരുത്തി ക്ഷേത്രങ്ങളുടെയും ഭക്തരുടെയും താൽപര്യങ്ങൾ സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമായ ഈ സർക്കാരിന്റെ ഈ ഭേദഗതി ബില്ലിനെ ഞാൻ ഹൃദയത്തോടെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ പറഞ്ഞ വികാരങ്ങളോടെല്ലാം യോജിക്കുന്നു. ഇത് തൽക്കാല സംവിധാനമായാണ് ഇപ്പോൾ കൊണ്ടുവരുന്നത്. ഫസലി വർഷവും സാമ്പത്തിക വർഷവും ഏകീകരിക്കാൻവേണ്ടി മാത്രമാണ് ഈ ബിൽ കൊണ്ടുവന്നത്. അതോടൊപ്പം ഇവിടെ പ്രതിപാദിച്ച മലബാർ ദേവസ്വം ബോർഡിന്റെ കാര്യങ്ങളിൽ സർക്കാർ യോജിക്കുന്നുണ്ട്. ഇപ്പോൾ മലബാർ ദേവസ്വം ബോർഡിനുകീഴിൽ 1403 ക്ഷേത്രങ്ങളാണുള്ളത്. അതിൽ ആകെ 115 ക്ഷേത്രങ്ങൾ മാത്രമാണ് വരുമാനമുള്ളവ. ബാക്കിയുള്ളവയ്ക്കെല്ലാം സർക്കാരാണ് അങ്ങോട്ട് ധനസഹായം കൊടുക്കുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ, സർക്കാർ ദേവസ്വത്തിന്റെ ഫണ്ടുകൊണ്ട് ശമ്പളം കൊടുക്കുന്നുവെന്ന് കഴിഞ്ഞ കുറെ കാലങ്ങളായി ചില ആളുകൾ നടത്തുന്ന പ്രചാരണമാണ്. അത് നൂറുശതമാനം കള്ളമാണെന്ന് എല്ലാവർക്കുമറിയാം. സർക്കാർ അങ്ങോട്ടാണ് കൊടുക്കുന്നത്, ഒരിക്കലും ദേവസ്വത്തിന്റെ പണമൊന്നും ഇങ്ങോട്ട് എടുക്കുന്നില്ല. പക്ഷെ അതേസമയം മലബാർ ദേവസ്വം

ബോർഡിനെ സംബന്ധിച്ച ആക്ടിൽ ഭേദഗതി ആവശ്യമാണ്. കാരണം ഇപ്പോഴും പഴയ ആക്ട് അനുസരിച്ച്, ഈ രീതിയിൽ മുന്നോട്ടുപോകുന്നത് സർക്കാരിനും നഷ്ടമാണ്. കാരണം ഇപ്പോഴും ട്രസ്റ്റിമാർക്കാണ് ഈ ദേവസ്വം ബോർഡിൽ അധികാരമുള്ളത്. ദേവസ്വം ബോർഡിന് അഡ്വൈസ് ചെയ്യാനുള്ള അധികാരം മാത്രമേയുള്ളൂ. തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകൾക്കുള്ള ഒരു അധികാരവും യഥാർഥത്തിൽ മലബാർ ദേവസ്വം ബോർഡിനില്ല. ട്രസ്റ്റിമാരാണ് പല ക്ഷേത്രങ്ങളുടെയും നിയന്ത്രണം കൈയിൽ വച്ചിട്ടുള്ളത്. അതുകൊണ്ട് ഇത് മാറണമെന്നത് ശരിയാണ്, ഇത് മാറ്റാനുള്ള ശ്രമങ്ങൾ ഗവൺമെന്റ് നടത്തുന്നുണ്ട്. ഇതുമായ ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്തെ ഒരു ബിൽ നിയമ വകുപ്പിന്റെ കൈയിലുണ്ട്. അതുകൂടി പരിശോധിച്ച് ആവശ്യമായ മാറ്റങ്ങളോടെ സമഗ്രമായ ഒരു മലബാർ ദേവസ്വം ബിൽ കൊണ്ടുവരുന്നതാണ്. ട്രസ്റ്റിമാർക്ക് അല്ല, ദേവസ്വം ബോർഡിന് വേണം അധികാരം എന്നുള്ള കാര്യത്തിൽ സർക്കാരിന് യാതൊരു സംശയവുമില്ല. അടുത്ത സമ്മേളനത്തിൽത്തന്നെ ആ ബിൽ തയ്യാറാക്കി സഭയിൽ

അവതരിപ്പിക്കും. തൽക്കാലത്തേക്കുള്ള ഒരു സംവിധാനം മാത്രമാണിത്. അതുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ടി. എം. ശശി, '2026-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ' പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. എം. ശശി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. എം. ശശി അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുഹമ്മദ് ഷിയാസ്, '2026-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ' ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. മുഹമ്മദ് ഷിയാസ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. മുഹമ്മദ് ഷിയാസ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

'2026-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ' ഭ്രനികൃതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ...

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും ഒക്ടോബർ 13-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2026 ഒക്ടോബർ 13-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കശേഷം 1.54-ന് പിരിഞ്ഞു.)